# 10

# "സഭ" എന്നാലെന്ത്?

അമേരിക്കയിൽ ദീർഘകാല സന്ദർശനം നടത്തുവാൻ മറു രാജ്യത്തുള്ള വേറൊരു സംസ്ക്കാരത്തിലുള്ള ആൾ ആഗ്രഹിച്ചു. അയാൾ കഠിനശ്രമം നടത്തി ഇംഗ്ലീഷ് പഠിച്ചു, അങ്ങനെ അയാൾ തന്റെ യാത്രക്കായി ഒരുങ്ങി. അയാൾ ദീർഘ നാളുകളായി - കാത്തിരുന്ന അമേരിക്കൻ പര്യടനം നടത്തി, അമേരിക്കയിൽ എത്തിയപ്പോൾ, അയാളുടെ ഇംഗ്ലീഷ് ജ്ഞാനം പരിശോധിക്കപ്പെട്ടു. അയാൾ ഒരു ചെറിയ പലചരക്കുകടയിൽ ചെന്ന് നിരവധി സാധനങ്ങൾ വാങ്ങി. കൗണ്ടറിന്നു മുന്നിൽ, അയാൾ എത്രയാണ് കൊടുക്കേണ്ടത് എന്നു പറഞ്ഞു തന്റെ പോക്കറ്റിൽ നിന്നു, പണമെടുത്ത് എണ്ണി, ശരിയായ സംഖ്യ കൊടുത്തു ... തന്റെ പലചരക്കു സാധനങ്ങൾ എല്ലാം ഒരു ചാക്കിൽ കെട്ടി അയാൾ പോകാൻ ഒരുങ്ങി. അയാൾ വാതിലിന്നു പുറത്തു കടന്നപ്പോൾ, ക്ലെർക്ക് ചോദിച്ചു "ഞാൻ നിങ്ങളെ സഹായിക്കട്ടെ?" അയാൾ പരിഭ്രാന്തിയിലായി, ആ മനുഷ്യൻ പറഞ്ഞു, "നിങ്ങൾ എന്നോട് മടങ്ങിവരാൻ പറഞ്ഞു!"

ആ മനുഷ്യനു കിട്ടിയ പദപ്രയോഗത്തിന്റെ അർത്ഥം "നിങ്ങളുടെ വ്യാപാരത്തിനു നന്ദി; വീണ്ടും ഞങ്ങൾക്കു നിങ്ങളെ വേഗത്തിൽ സഹായിക്കാൻ കഴിയട്ടെ" എന്നതു അക്ഷരികമായി വ്യാഖ്യാനിക്കപ്പെട്ടു. ക്ലെർക്ക് ഉദ്ദേശിച്ച അർത്ഥം അയാൾ മനസിലാക്കാത്തതു കൊണ്ട് തിരിച്ചു അയാൾക്കു ആശയവിനിമയം നടത്തുവാൻ കഴിഞ്ഞില്ല.

നമുക്കെല്ലാവർക്കും ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടാകാം. നമ്മോട് സംസാരിച്ച വാക്കുകൾ നമുക്കറിയാം, എന്നാൽ അവ സംസാരിച്ച ആൾ അർത്ഥമാക്കിയത് എന്തെന്ന് നാം മനസിലാക്കിയില്ല. നമുക്കു വാക്കുകൾ മനസിലായി പക്ഷെ അറിയിച്ച

വാക്കുകളുടെ അർത്ഥം പൂർണ്ണമായും നമുക്കു നഷ്ടമായി.

എങ്ങനെയായാലും അതിനെ നോക്കിയാൽ, ആശയവിനിമയം ബുദ്ധിമുട്ടുള്ളതാണ്. ആശയവിനിമയം നടക്കേണ്ടതിനു സംസാരിക്കുന്ന ആളിൽ നിന്നും കേൾക്കുന്ന ആളിൽ നിന്നും വളരെ കാര്യങ്ങൾ ആവശ്യമായിട്ടുണ്ട്.

നമുക്ക് ആശയവിനിമയ നടപടി ബൈബിൾ പഠനത്തിൽ പ്രയോഗിക്കാം. പ്രയോജന പ്രദമായ ആശയ വിനിമയം നമുക്കും ബൈബിളിനും മദ്ധ്യേ ഉണ്ടാകുവാൻ ഉപയോഗിച്ചിരിക്കുന്ന വാക്കുകളെ നാം ശ്രദ്ധിച്ചാൽ മാത്രം പോരാ, ദൈവശ്വാസിയ എഴുത്തുകാരൻ ഉദ്ദേശിച്ച അർത്ഥം എന്തെന്നു പരിശോധിക്കകൂടെ വേണം. ഇതിനർത്ഥം ഒരു വാക്കോ വാചകമോ കാണുന്നതിന്റെ സന്ദർഭോചിതമായ അർത്ഥമെന്തെന്ന് മനസിലാക്കണം എന്നതാണ്. ദൈവം തന്റെ സന്ദേശത്തിൽ ഉദ്ദേശിച്ച അർത്ഥം ശ്രദ്ധിച്ചു ആത്മാർത്ഥതയോടെ മനസിലാക്കണം.

“സഭ” എന്ന വാക്ക് നമ്മിൽ പലർക്കും പരിചയമുള്ള വാക്കാണ്. തിരുവെഴുത്തിൽ ദൈവം ഈ വാക്ക് വേണ്ടത്ര ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്കിനെ സംബന്ധിച്ച് ദൈവവും നാമും തമ്മിൽ ആശയ വിനിമയം നടത്തുവാൻ, നാം ബൈബിൾ ലോകത്തിൽ ചെന്ന് വാക്കിന്റെ അർത്ഥം ചിത്രീകരണങ്ങൾ ചിന്തകൾ എന്നിവ യേശുവും, അപ്പൊസ്തലന്മാരും, പരിശോധിക്കയാണ് വേണ്ടത്. ദൈവാത്മാവിനാൽ നൽകുന്നത് എഴുതിയ മറ്റു വേദഭാഗങ്ങളും നോക്കണം.

“സഭ” എന്നാലെന്ത്? പുതിയ നിയമത്തിലെ ഇരുപത്തേഴു പുസ്തകങ്ങളിലെ[1] പതിനേഴിൽ 114 പ്രാവശ്യം[2] വിവിധ സാഹചര്യങ്ങളിൽ, എന്താണ് നമ്മോട് ആശയവിനിമയം നടത്തുന്നത്? യേശു സഭ സ്ഥാപിച്ചപ്പോൾ, എന്താണ് അവൻ പണിതത്?

## ഒരു ആത്മീയ ശരീരം

ആദ്യം തന്നെ, സഭ എന്നതു ആത്മീയ ശരീരം, ക്രിസ്തുവിന്റെ തന്നേ ആത്മീയ ശരീരമെന്ന് നാം തിരിച്ചറിയണം.

“സഭ” എന്ന വാക്ക് കേൾക്കുമ്പോൾ പെട്ടെന്നു നമ്മുടെ മനസിലേക്കുവരുന്ന ചിത്രം ആരാധന നടക്കുന്ന ഭൗതിക കെട്ടിടമാണ്. പുതിയ നിയമത്തിൽ, ഈ അർത്ഥത്തിൽ, ആ വാക്ക് ഉപയോഗിച്ചിട്ടേ ഇല്ല.

“സഭ” എന്ന വാക്ക് തിരുവെഴുത്തിൽ ക്രിസ്തുവിന്റെ സുവി

ശേഷത്തോട് പറ്റിച്ചേർന്നവരും ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും, പ്രാദേശികമായും, സാർവ്വലൗകികമായും സഭായോഗം നടക്കുന്നതായി വിവരിക്കുന്നു.

ആദ്യം, വീണ്ടെടുക്കപ്പെട്ടവരുടെ സംഘം യോഗമായി ഒരുമിച്ചു ദൈവത്തെ ആരാധിക്കാൻ കൂടി വരുന്നതിനെ "സഭ" എന്നു വിളിച്ചിരിക്കുന്നു. കൊരിന്തിലുള്ള സഭയ്ക്കു ലേഖനമെഴുതുമ്പോൾ അവരുടെ ഐക്യതയില്ലായ്മയെ പൗലൊസ് ശാസിച്ചുകൊണ്ട് "സഭ" എന്നു ക്രിസ്ത്യാനിയുടെ കൂടിവരവിനെ വിളിച്ചിട്ടുണ്ട്. അവൻ പറഞ്ഞു, "... ഒന്നാമതു നിങ്ങൾ സഭ കൂടുമ്പോൾ നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടെന്നു ഞാൻ കേൾക്കുന്നു; ..." (1 കൊരിന്ത്യർ 11:18).

അടുത്തത്, ഒരു തീർച്ചയുള്ള പ്രദേശത്തെ വീണ്ടെടുക്കപ്പെട്ടവരുടെ ശരീരമായി "സഭ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. കൊരിന്തിലെ വീണ്ടെടുക്കപ്പെട്ടവരുടെ ശരീരത്തെ "കൊരിന്തിലുള്ള ദൈവത്തിന്റെ സഭ" എന്നു വിളിച്ചിരിക്കുന്നു (1 കൊരിന്ത്യർ 1:2).

ഇതിലുപരിയായി, "സഭ" എന്ന വാക്ക് ലോകം മുഴുവനും ഉള്ള വീണ്ടെടുക്കപ്പെട്ടവരുടെ മുഴുവൻ സംഖ്യയെയും ഉൾപ്പെടുത്തി പറയുന്നുണ്ട്. പൗലൊസ് സഭയെ സാർവ്വലൗകിക അർത്ഥത്തിൽ പറഞ്ഞു, "ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു" (എഫെസ്യർ 5:23).

നമുക്ക് "സഭ" എന്ന വാക്ക് പുതിയ നിയമത്തിൽ പ്രത്യേകിച്ചും പ്രവൃത്തികളുടെ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നതു പ്രായോഗികമാക്കാം. യെരുശലേമിൽ പാർക്കുന്നവരും സന്ദർശകരും ആയ അനേകർ പെന്തെകൊസ്തു നാളിൽ (പ്രവൃത്തികൾ 2:1-4) നടന്ന ബാഹ്യമായ പരിശുദ്ധാത്മാവിന്റെ പകരൽ കേട്ട് എന്താണ് സംഭവിച്ചതെന്ന് ദൈവം യേശുവിനെ കർത്താവും ക്രിസ്തുവാക്കി വെച്ചിരിക്കുന്നു എന്നു അവരെ ബോധ്യപ്പെടുത്തി (പ്രവൃത്തികൾ 2:36). ആത്മാവിന്റെ രോദനത്തോടെ അനേകർ "ഞങ്ങൾ എന്തു ചെയ്യേണ്ടു" എന്നു നിലവിളിച്ചു പറഞ്ഞു (പ്രവൃത്തികൾ 2:37). അവർ വിശ്വസിച്ചു കഴിഞ്ഞതുകൊണ്ട് പത്രൊസ് അവരോട് വിശ്വസിക്കാൻ പറഞ്ഞില്ല. എന്നാൽ അവർ മുൻപു ചെയ്യാതിരുന്നതു ചെയ്യുവാൻ പത്രൊസ് അവരോടു പറഞ്ഞു - ഓരോരുത്തരും മാനസാന്തരപ്പെട്ട് അവരുടെ പാപമോചനത്തിനായി സ്നാനമേൽക്കുവാൻ പറഞ്ഞു (പ്രവൃത്തികൾ 2:38). മൂവായിരം പേർ സന്തോഷത്തോടെ വചനം കൈക്കൊണ്ടവർ മാനസാന്തര

പ്പെടുകയും പാപമോചനത്തിനായി സ്നാനമേൽക്കുകയും ചെയ്തു (പ്രവൃത്തികൾ 2:38, 41).

ആ ദിവസം സംഭവിച്ചതിനെ ലൂക്കൊസ് വിവരിക്കുന്നതു ശ്രദ്ധിക്കുക. ആദ്യം അവൻ പരിവർത്തകർ എ*ന്തായിത്തീർന്നു* എന്നു പറയുന്നു (പ്രവൃത്തികൾ 2:41). കർത്താവിന്റെ വചനം അനുസരിച്ചവർ കർത്താവിന്റെ സഭയായിത്തീർന്നു. അവർ ഒരു കൂട്ടായ്മയുടെ ഭാഗമായിതീർന്നു. ഒരു സംഘമായി. രണ്ടാമതു, ലൂക്കൊസ് അവരുടെ *പുതിയ മനോഭാവത്തെ* വിവരിക്കുന്നു. ദൈവത്തോടുള്ള അവരുടെ പുതിയ മനോഭാവ *പ്രകാരം* അവർക്ക് ഒരു പുതിയ ജീവിതം കിട്ടി (പ്രവൃത്തികൾ 2:42). ഈ വീണ്ടെടുക്കപ്പെട്ടവർ അപ്പൊസ്തലന്മാരുടെ ദൈവിക നിർദ്ദേശ പ്രകാരം ദൈവത്തെ ആരാധിച്ചു വന്നു. അവർക്കു *ഓരോരുത്ത രോടും* ഉള്ള മനോഭാവത്തിൽ ഒരു പുതിയ ജീവിതമുണ്ടായി (പ്രവൃത്തികൾ 2:44, 45). അവർ അന്യോന്യം സംരക്ഷിക്കയും, വഹിക്കയും, പങ്കിടുകയും കരുതുകയും അന്യോന്യം ഭാരങ്ങളെ ചുമക്കുകയും ചെയ്തു. ആവശ്യമുള്ളവരുടെ മുട്ട് തീർക്കുകയും ചെയ്തു. ഈ വിശ്വാസികളുടെ സമൂഹത്തെ പിന്നീട് പ്രവൃത്തി കളുടെ പുസ്തകത്തിൽ "സഭ" എന്നു വിളിച്ചിരിക്കുന്നു (പ്രവൃത്തികൾ 5:11).

യെരുശലേമിലെ വീണ്ടെടുക്കപ്പെട്ടവർ ദൈവത്തെ ആരാധി ക്കുവാൻ കൂടി വന്നപ്പോൾ, അവർ "സഭ" ആയിരുന്നു (കൂടിവന്ന അർത്ഥത്തിൽ). യെരുശലേമിലെ എല്ലാ വീണ്ടെടുക്കപ്പെട്ടവരേയും ഉൾപ്പെടുത്തി "യെരുശലേമിലെ സഭ" എന്നു വിളിച്ചിരുന്നു (പ്രാദേശിക അർത്ഥത്തിൽ). ആ സഭ വളർന്നു, വ്യാപിച്ചു ലോക ത്തിൽ എങ്ങും വീണ്ടെടുക്കപ്പെട്ടവരുണ്ടായപ്പോൾ അവരെ എല്ലാം ഉൾപ്പെടുത്തി പറഞ്ഞു, "യേശുക്രിസ്തു വീണ്ടും വരുമ്പോൾ, അവൻ തന്റെ സഭയെ (സാർവ്വദേശിയ അർത്ഥത്തിൽ) സ്വർഗ്ഗത്തി ലേക്കു എടുക്കും."

## ജീവിക്കുന്ന ഒരു നിർമ്മാണ ഘടകം

രണ്ടാമതു, സഭയെ ഒരു ജീവിക്കുന്ന നിർമ്മാണ - ഘടകമായി നാം കാണണം.

"സഭ" എന്നു രക്ഷിക്കപ്പെട്ടവരെ വിളിച്ചിരിക്ക കൊണ്ട് അതൊ രു മാനുഷിക ക്ലബ് പോലെ സംഘടനയാണ് എന്നു ചിലർ കരു തുന്നു. അവർ അതിനെ ചേരുന്നതോ, പ്രതിജ്ഞാബദ്ധമാകുന്നതോ

ആയി മാത്രം കാണുന്നു.

വീണ്ടെടുക്കപ്പെട്ടവരുടെ സംഘമായ സഭ, ഒരു ജീവിക്കുന്ന നിർമ്മാണ ഘടകമാണ്, മാനുഷിക സംഘടനയല്ല. യേശു സ്ഥാപിച്ച സഭ ജീവിക്കുന്നതും ദൈവികജീവിതത്താലും അനുഗ്രഹങ്ങളാലും ചലിക്കുന്നതുമാത്രേ; അതു മനുഷ്യ നിർമ്മിത സംഘമല്ല. മനുഷ്യസംഘടനകൾ മനുഷ്യ ജ്ഞാനം, രൂപകല്പന, പ്രവൃത്തികൾ എല്ലാം തന്നെ മാനുഷിക ഊർജ്ജഫലമായി പ്രവർത്തിക്കയാണ്.

കൊരിന്തിലുള്ള സഭയെ പൗലൊസ് വിവരിച്ചത്, വിശുദ്ധസ്ഥലം, അല്ലെങ്കിൽ ദൈവം വസിക്കുന്ന സ്ഥലം എന്നാണ് 1 കൊരിന്ത്യർ 3:16[3]-ൽ അവൻ പറഞ്ഞു, "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" പിന്നീട്, ദുർന്നടപ്പ് വ്യക്തിപരമായി ശരീരത്തെ ശിക്ഷിക്കയാണെന്നു പറഞ്ഞുകൊണ്ട് വ്യക്തികളായ ക്രിസ്ത്യാനികളുടെ ശരീരം ദൈവത്തിന്റെ ആലയമായി പറയുന്നത് 1 കൊരിന്ത്യർ 6:19, 20. ഒന്നു കൊരിന്ത്യർ 3:16 വ്യക്തികളായ ക്രിസ്ത്യാനികളെയല്ല, സഭയാണ് സൂചിപ്പിക്കുന്നത്.[4] ദൈവം തന്റെ ജനത്തിൽ വസിക്കുന്നു എന്നാണ് പൗലൊസ് ഊന്നി പറഞ്ഞത് അവൻ തന്റെ വ്യക്തികളായ ആളുകളിൽ വസിക്കുന്നു (1 കൊരിന്ത്യർ 6:19, 20) മൊത്തമായും വസിക്കുന്നു (1 കൊരിന്ത്യർ 3:16). പഴയ നിയമകാലത്ത്, ആദ്യം ദൈവം വസിച്ചിരുന്നത് മരുഭൂമിയിൽ സമാഗമന കൂടാരത്തിലായിരുന്നു. പിന്നീട് യെരുശലേം ദേവാലയത്തിലും; എന്നാൽ ക്രിസ്തീയ കാലഘട്ടത്തിൽ, പൗലൊസ് പറയുന്നതനുസരിച്ചു, ദൈവം തന്റെ സഭയിലും, തന്റെ ആളുകളിലും വസിക്കുന്നു.

ജീവനുള്ള ഒരു കെട്ടിടം പോലെയാണ് സഭ. എഫേസ്യയിലെ ക്രിസ്ത്യാനികൾ എന്തായിതീർന്നു എന്നു പൗലൊസ് ചിത്രീകരിക്കുന്നത്, അവൻ ക്രിസ്ത്യാനികൾ ഒരു കെട്ടിടമായി ചേർന്നുവളർന്നു കൊണ്ടിരിക്കുന്നതായി പറയുന്നു. പൗലൊസ് പറഞ്ഞു, "അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു, അവനിൽ നിങ്ങളേയും, ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു" (എഫെസ്യർ 2:21, 22). അവൻ പറഞ്ഞ കെട്ടിടം നിൽക്കുന്നതു അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേലാണ്, ക്രിസ്തു തന്നെ അതിന്റെ മൂലക്കല്ലായും ഇരിക്കു

ന്നു. ക്രിസ്ത്യാനികളെക്കൊണ്ടാണ് അതിന്റെ ഉന്നതഘടനയുണ്ടാക്കിയിരിക്കുന്നത് കെട്ടിടത്തിനു മുകൾഭാഗമോ മേൽക്കൂരയോ ഇല്ല; ആളുകൾ സുവിശേഷം അനുസരിച്ച് സഭയോടു ചേർക്കപ്പെടുന്നതു മുതൽ തുടർച്ചയായി അവർ ആരോഹണ പ്രക്രിയയിലാണ്.

അപ്പോൾ പിന്നെ, സഭ മാനുഷിക സംഘടനയല്ല - അതു ജീവിക്കുന്ന നിർമ്മാണ ഘടകവും ദൈവത്തിന്റെ ആത്മാവ് വസിക്കുന്നവരുമാണ്. ജീവിക്കുന്ന ക്രിസ്ത്യാനികളുടെ കൂട്ടവും ദൈവത്തിന്റെ ജീവിതത്തിനു അവന്റെ ആത്മാവു വസിക്കുന്ന സ്ഥലവുമായി മാറുന്നു. ദൈവത്തിന്റെ ഭൂമിയിലെ വാസസ്ഥലമാണ് സഭ എന്നു പറയാം.

## ഒരു ഉറ്റബന്ധം

മൂന്നാമത്, സഭയെ ക്രിസ്തുവിനോടു ഏറ്റവും അടുത്ത ഒരു ബന്ധമുള്ളതായി കരുതണം.

ഭൗമിക കാഴ്ചപ്പാടിൽ നിന്നു, സഭയിലെ അംഗത്വത്തെ നോക്കുമ്പോൾ ഒരു പ്രത്യേക ബന്ധമുള്ള ആളുകളോട് സഭയായിതീർന്നവർ പുലർത്തുന്ന ബന്ധമായി കാണാം. സഭയെ സംബന്ധിച്ച ഈ കാഴ്ച്ചപ്പാട്, എങ്ങനെയായാലും, ഒരു പ്രധാന സത്യം വിട്ടുകളയുന്നു. സഭ ഒരു ശക്തവും, ഉറ്റബന്ധവും തുടർച്ചയായി *യേശുവായുള്ള* ബന്ധത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നതാണ്.

സഭയ്ക്കു യേശുവുമായി തുടർച്ചയായുണ്ടാകേണ്ട അടുത്ത ബന്ധത്തെ ശരീരവും/തലയും തമ്മിലുള്ള ബന്ധമായി താരതമ്യം ചെയ്തിരിക്കുന്നു. ക്രിസ്ത്യാനികൾ ശരീരവും, ക്രിസ്തു തലയുമാകുന്നു. ദൈവം സഭയെ ആത്മീയ ശരീരമായി, അദൃശ്യനായ ക്രിസ്തുവിനെ ഇന്നു ദൃശ്യമാകുന്ന ഭാഗമാക്കിയിരിക്കുന്നു. തന്റെ വീണ്ടെടുപ്പു പ്രവൃത്തി ഭൂമിയിൽ നിറവേറ്റുവാൻ കർത്താവിന്നു ഭൗതിക ശരീരം ആവശ്യമായിരുന്നു ഇപ്പോൾ തന്റെ വീണ്ടെടുപ്പു പ്രവൃത്തിയുടെ ഫലം എല്ലായിടത്തും എല്ലാവർക്കും ലഭ്യമാക്കുവാൻ ഒരു ആത്മീയശരീരം ആവശ്യമാണ്. പെന്തെകൊസ്തു നാളിൽ, അതുകൊണ്ട്, യേശു മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റ് അടുത്ത പെന്തെകൊസ്തിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നു സഭയ്ക്കുരൂപം കൊടുത്തു, അതാണ് ക്രിസ്തുവിന്റെ ആത്മീയ ശരീരം ആ ദിവസം മുതൽ ഇന്നുവരെ, വീണ്ടെടുക്കപ്പെട്ട ഓരോ വ്യക്തിയും, അയാളുടെ വീണ്ടെടുപ്പിനാൽ, ദൈവ കൃപയാൽ ക്രിസ്തുവിന്റെ ശരീരത്തിൽ ആകുന്നു.

അതുകൊണ്ട് പുതിയ നിയമത്തിൽ ദൈവശ്വാസിയ എഴുത്തു കാർ സഭയെ ക്രിസ്തുവിന്റെ "ശരീരം" എന്നു വിളിച്ചിരിക്കുന്നു (എഫെസ്യർ 1:21-23; 5:23). ക്രിസ്തുവിന്റെ സുവിശേഷം അനു സരിക്കുന്നവർ, അക്ഷരികമായി ക്രിസ്തു എന്ന തലയാൽ, അവന്റെ ആത്മീയ ശരീരമായി പ്രവർത്തിക്കുന്നു. അതുപോലെ ഒരാൾ സ്നാനപ്പെടുമ്പോൾ പുതിയ നിയമം പറയുന്നു അയാൾ "ക്രിസ്തുവിനോടു ചേരുവാൻ" സ്നാനമേല്ക്കുന്നു എന്നു പറയുന്നത് (റോമർ 6:3; ഗലാത്യർ 3:27), അല്ലെങ്കിൽ "ഏക ശരീര ത്തോട് ചേരുവാൻ" (1 കൊരിന്ത്യർ 12:13) ആണ്.

യേശുവിനോട് അടുത്ത ബന്ധം പുലർത്തുവാൻ ഒരു വ്യക്തിക്കു ഈ ഭൂമിയിൽ പ്രവേശിക്കാവുന്ന സ്ഥാപനമാണ് സഭ. സഭ ക്രിസ്തുവിന്റെ സർവ്വ സമ്പൂർണ്ണതയാണ് എല്ലാം നിറക്കുന്ന നിറവാണ് സഭ (എഫെസ്യർ 1:23), ക്രിസ്തുവാണ് സഭയുടെ നിറ വ്, അവന്റെ ജനം അവനിൽ പൂർണ്ണതയാണ് (കൊലൊസ്യർ 2:10). ക്രിസ്തു എന്ന തല കൂടാതെ, സഭ പൂർണ്ണമല്ല (എഫെസ്യർ 1:22) അതുപോലെ, തലയായ ക്രിസ്തുവും, ശരീരമായ സഭ കൂടാതെ അപൂർണ്ണമാണ് (കൊലൊസ്യർ 1:18) അതിന്റെ തല ക്രിസ്തു അടക്കം എല്ലാം സഭയ്ക്കും, സഭയിൽ എല്ലാം സഭയും ക്രിസ്തു വിനുള്ളതുമാണ് അതുകൊണ്ട്, അവന്റെ സഭയായി, ക്രിസ്ത്യാനി കൾ ദിവസവും, ക്രിസ്തുവുമായി പങ്കുചേർന്നു അനുഭവിക്കുന്നു. ക്രിസ്തുവിൽ ആയി തീർന്നവർ ക്രിസ്ത്യാനിത്വത്തെ പ്രഖ്യാപി ക്കുന്നവർ മാത്രമല്ല; അവർ ക്രിസ്തുവിന്റെ അവകാശികൾ ആണ്. ശരീരത്തിലുള്ളവർക്ക്, ക്രിസ്തുവിന്റെ നിറവ് എന്ന ഉറവ തുറന്നു കൊടുക്കുന്നു.

എഫേസ്യലേഖനത്തിൽ പൗലൊസ് സഭയെക്കുറിച്ചു പറയു മ്പോൾ, ക്രിസ്തുവുമായുള്ള അതിന്റെ ബന്ധത്തെ ഭാര്യ/ ഭർതൃബന്ധത്തെ ചിത്രീകരിച്ചു പറയുന്നുണ്ട്. ഭർത്താവ് ക്രിസ്തു വായും ഭാര്യ സഭയായും ആണ് ചിത്രീകരിച്ചിരിക്കുന്നത്. ഈ ബന്ധത്തെ അവൻ ആദ്യം *തത്വമായി* സൂചിപ്പിച്ചിരിക്കുന്നു. ഭർത്താ വു ഭാര്യക്കു തലയാകുന്നതുപോലെ ക്രിസ്തു സഭക്കു തലയാ കുന്നു (എഫെസ്യർ 5:23). രണ്ടാമത് അവൻ ഈ ബന്ധത്തെ *പരി ശീലനം അഥവാ പ്രവർത്തനം* ആയി സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യ മാർ ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം (എഫെസ്യർ 5:24). അവസാനം, പൗലൊസ് ഈ ബന്ധത്തെ ഉദ്ദേ

ശത്തിൽ വ്യക്തമാക്കുന്നു. ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. നിത്യതയിൽ ഈ വിശ്വാസികളുടെ കൂട്ടം തന്നോടൊപ്പം ജീവിക്കേണ്ടതിന് അവൻ ഒരുങ്ങുകയാണ് (എഫെസ്യർ 5:25-27).

പുതിയ നിയമ സഭയുടെ ഹൃദയം, ക്രിസ്തുവുമായുള്ള അതിന്റെ ബന്ധമാണ്. ആരംഭത്തിൽ അതിനു ആളുകളുമായി ബന്ധം വരുന്നില്ല, എന്നാൽ ഉടനെ മറ്റു ക്രിസ്ത്യാനികളുമായി ബന്ധമുണ്ടാകുന്നു. അതു ഒരപ്പന്റെ മക്കൾ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതുപോലെയാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ തമ്മിൽ തമ്മിൽ അവയവങ്ങൾ ആകുന്നു, എന്നാൽ, ആദ്യത്തേതും ഉന്നതമായതും സഭ ക്രിസ്തുവിന്റെ ശരീരം എന്നതാണ്. ക്രിസ്തുവിന്റെ സഭയിൽ അംഗങ്ങളാകുവാൻ നാം ആദ്യം ക്രിസ്തുവുമായി ബന്ധപ്പെടണം, അതു ഉറ്റ ബന്ധമായിരിക്കണം, ആത്മീയമായിരിക്കണം അതു ശരീരം തലക്കു എന്നതുപോലെ നാം അവന്റെ പ്രത്യേക ഭാഗമാകണം.

## ഉപസംഹാരം

“സഭ” എന്ന വാക്കിന്റെ ശരിയായ അർത്ഥത്തെ അനേകം പേർ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. അത്തരം തെറ്റിദ്ധാരണ നിലനിൽക്കേണ്ട ആവശ്യമില്ല, കാരണം അതിന്റെ അർത്ഥം ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്താണ് “സഭ”? അതൊരു ആത്മീയ ശരീരം, ക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ചു, ഒരു സമൂഹത്തിൽ അവന്റെ ജനമായി അവനെ ആരാധിക്കയും സേവിക്കയും ചെയ്യുന്നവർ, അവർ അവന്റെ നാമം ധരിച്ച ഭൂമിയിലെ ഒരു സമൂഹത്തിൽ അവന്റെ ജനം അവന്റെ ആത്മീയ ശരീരമാണ്. അവർ സകലത്തിലും ക്രിസ്തുവിനെ ആദരിക്കുന്നു. ഈ ആത്മീയ ശരീരം ജീവിക്കുന്ന ഒരു നിർമ്മാണ ഘടകമാണ്. അവരിൽ ദൈവത്തിന്റെ ആത്മാവ് വസിക്കയും ചെയ്യുന്നു. സഭയുടെ ഭാഗമാകുന്നതുകൊണ്ടു മാനുഷിക സംഘടനയിൽ പങ്കുചേരുന്നുവെന്നോ അല്ലെങ്കിൽ ഒരു കൂട്ടത്തിൽ അംഗത്വം ലഭിച്ചു എന്നോ അർത്ഥമാക്കരുത് അതിനർത്ഥം ക്രിസ്തുവുമായി, അടുത്ത ഉറ്റബന്ധം പുലർത്തുക എന്നതാണ്.

വിശ്വാസത്താലാണ്, ക്രിസ്തുവിന്റെ ശരീരമെന്ന, സഭയിലേക്കു പ്രവേശിക്കുന്നത്. ഈ വിശ്വാസ പ്രതികരണത്തിൽ മാനസാന്തരവും (പ്രവൃത്തികൾ 17:30, 31), യേശു ദൈവപുത്രൻ എന്നു

ഏറ്റു പറച്ചിൽ (റോമർ 10:10), ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനവും (റോമർ 6:3, ഗലാത്യർ 3:27) ഉൾപ്പെടുന്നു. സ്നാന സമയത്ത്, വീണ്ടും ജനനം പൂർത്തിയാകുമ്പോൾ ഒരാളുടെ പാപം കഴുകികളയപ്പെടുന്നു. അതോടുകൂടി ആ വ്യക്തി ക്രിസ്തുവിന്റെ ശരീരത്തിൽ ഭാഗമായിതീരുന്നു (പ്രവൃത്തികൾ 2:38, 41, 47; 22:16; 1 കൊരിന്ത്യർ 12:13).

പുതിയ നിയമസഭ നാമധേയ വിഭാഗമല്ല. നാമധേയ വിഭാഗ ങ്ങൾ മനുഷ്യ നിർമ്മിതമാണ്; പുതിയ നിയമത്തിൽ രൂപകല്പന ചെയ്ത സഭ, കർത്താവിനാൽ ഉണ്ടാക്കപ്പെട്ട്, വസിക്കയും നില നിർത്തപ്പെടുകയും ചെയ്യുന്നതാണ്. നാമധേയ വിഭാഗങ്ങൾ ഭൂമി യിൽ നിന്നു, മനുഷ്യരിൽ നിന്നു വരുന്നതാണ്; പുതിയ നിയമ സഭ, സ്വർഗ്ഗത്തിൽ നിന്നു, ദൈവത്തിൽ നിന്നും വന്നതാണ്. സഭ ക്രിസ്തുവിനുള്ളതാണ് - അതു അവന്റെ നാമം ധരിച്ചിരിക്കുന്നു, ആരാധിക്കുവാൻ അവന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നു, ഈ ലോകത്തിൽ അവന്റെ വേല ചെയ്യുന്നു, അവന്റെ ആത്മാവ് വസി ക്കയും ചെയ്യുന്നു ("പുതിയ നിയമ സഭ" എന്ന വിഷയത്തി ലുള്ള 13-ാം അദ്ധ്യായത്തിലെ ചാർട്ട് നോക്കുക).

തന്റെ രക്ഷാനിബന്ധനകളാൽ, അവന്റെ സഭയിലേക്കു ആളു കൾ പ്രവേശിക്കുന്നതിനു യേശു എല്ലാവരേയും ക്ഷണിക്കുന്നു (വെളിപ്പാട് 22:17) അവർ സഭയായി ജീവിക്കുന്നതിനു വേണ്ടിയാ ണ്.

## പഠനചോദ്യങ്ങൾ

(*അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ*)

1. തിരുവെഴുത്തിൽ പരിശുദ്ധാത്മാവ് വാക്കുകളെ, ഉദാഹരണമായി "സഭ" എന്നതിനെ എങ്ങനെ ഉപയോഗിച്ചിരിക്കുന്നു എന്നു മനസിലാക്കേണ്ടതു എത്ര ആവശ്യമാണ്?
2. "സഭ" എന്ന വാക്ക് പുതിയ നിയമത്തിൽ വ്യത്യസ്ത രീതികളിൽ ഉപ യോഗിച്ചിരിക്കുന്നത് വിവരിക്കുക?
3. സഭ ദൈവത്തിന്റെ മന്ദിരമാകുന്നു. ഈ ക്രിസ്ത്യാനിയുടെ ജീവിത ത്തിൽ അതിന്റെ അർത്ഥം എന്താണ്? ഈ നാമം അതിലെ അംഗ ങ്ങൾ അങ്ങനെ ജീവിക്കയും ആരാധിക്കയും വേണമെന്നു പറയുന്നുണ്ടോ?
4. സഭ "ജീവിക്കുന്ന" ഒരു കെട്ടിടമാണെന്ന് പറഞ്ഞിരിക്കുന്നത് എന്തർത്ഥ ത്തിലാണ്?
5. ബന്ധം സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധം ഏതു വിധത്തിലാണ്

ഭാര്യ/ഭർത്തൃബന്ധത്തെ ചിത്രീകരിച്ചിരിക്കുന്നത്?

6. ഒരാൾ എങ്ങനെ ക്രിസ്തുവിന്റെ സഭയിൽ പ്രവേശിക്കുന്നു എന്നു ഓർമ്മിക്കുക?
7. സഭ ക്രിസ്തുവിനുള്ളതു എന്നു പ്രത്യേകമായി ഏതർത്ഥത്തിലാണ് പറഞ്ഞിരിക്കുന്നത്?

## വാക്ക് സഹായങ്ങൾ

**നാമധേയ വിഭാഗം** - ബൈബിളിൽ ഇല്ലാത്ത പ്രത്യേക പേരിൽ അറിയപ്പെടുന്ന മതപരമായ സംഘങ്ങളായ ഇടവകകൾ, പ്രത്യേക വിശ്വാസ പ്രമാണത്താൽ പ്രത്യേക രീതിയിലുള്ള കൗൺസിലുകളാണ് ഭരിക്കുന്നത്. *പുതിയ നിയമത്തിൽ നാമധേയ വിഭാഗങ്ങൾ കാണാത്തതുകൊണ്ട്, ഇതൊരു ബൈബിൾ വാക്കല്ല.*

**കൂട്ടായ്മ** - താൽപര്യങ്ങൾ, ആശയങ്ങൾ, അല്ലെങ്കിൽ അനുഭവങ്ങൾ; പങ്കിടൽ, ക്രിസ്ത്യാനികൾക്കു ഹൃദയങ്ങളിൽ പരസ്പരം നിറഞ്ഞ സ്നേഹവും പങ്കിടാം.

**ദുർന്നടപ്പ്** - ലൈംഗിക പാപം; വിവാഹത്താലല്ലാത്ത ലൈംഗിക ബന്ധം.

---

കുറിപ്പുകൾ

[1]എതൽബർട്ട് ഡബ്ലിയു.ബില്ലിങ്കർ, എ *ക്രിട്ടിക്കൽ ലെക്സികൻ ആന്റ് കൺകോർഡൻസ് റ്റു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1975), 153. [2]ഇബിഡ്. ദ വേഡ് "ചർച്ച്" ഈസ് നോട്ട് ഇൻ മാർക്ക്, ലൂക്ക്, യോഹന്നാൻ, 2 തിമൊഥെയൊസ്, റ്റൈറ്റസ്, 1 ആന്റ് 2 പത്രൊസ്, 1 ആന്റ് 2 യോഹന്നാൻ, ഓർ യൂദ. [3]"ദൈവാലയം" എന്നതിന് ഗ്രീക്കിൽ *നയോസ്* എന്നും *ഹെയിരോൺ* എന്നും രണ്ടു വാക്കുകൾ ഉണ്ട്. പൗലൊസ് "ദൈവലായം" എന്നത് ഉപയോഗിച്ചിരിക്കുന്നത് ഈ വേദഭാഗത്തിൽ *നയോസ്* എന്നാണ് അല്ലാതെ *ഹെയിരോൺ* എന്നല്ല. നയോസ് സൂചിപ്പിക്കുന്നത് ശരിക്കും വിശുദ്ധ സ്ഥലമാണ് - അല്ലാതെ ഹെയിരോൺ എന്ന ദൈവാലയ സമുച്ചയമല്ല. ക്രിസ്തുവിന്റെ ശരീരമെന്ന് പൗലൊസ് പറഞ്ഞത് ദൈവം വസിക്കുന്ന സ്ഥലത്തെയാണ്. [4]ഈ വാചകത്തിൽ, "നിങ്ങൾ" എന്നത് രണ്ടാം വ്യക്തിയും ഗ്രീക്ക് വേദ ഭാഗത്തിൽ ബഹുവചനവും സൂചിപ്പിക്കുന്നത്, ഒരു കൂട്ടം ആളുകളെയാണ്, അല്ലാതെ 1 കൊരിന്ത്യർ 6:19, 20ലെ ഒരു വ്യക്തിയല്ല.